**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ വില്ലേജാഫീസുകളുടെ നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ഇതിനായി തെരെഞ്ഞെടുത്തിട്ടുള്ളതെന്നും അതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (ബി) | പുതുക്കാട് മണ്ഡലത്തിൽ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജീർണ്ണാവസ്ഥയിലുള്ള പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മുകുന്ദപുരം താലൂക്കിലെ തൊട്ടിപ്പാൾ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## <u>പുതുക്കാട് മണ്ഡലത്തിൽ നവീകരണത്തിനായി തെരെഞ്ഞെടുത്തിട്ടുള്ള വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ</u>

| ക്രമ നം. | വില്ലേജ് ആഫീസ് | പ്രവൃത്തി | പുരോഗതി വിവരം |
|---|---|---|---|
| 1 | വരന്തരപ്പിള്ളി | സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. |
| 2 | തൃക്കൂർ | സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ റിലിങ്കിഷ്മെന്റ് നടപടി പൂർത്തിയായിട്ടുണ്ട്. കരാറിൽ ഉടൻ ഏർപ്പെടുവാൻ കഴിയുന്നതാണ്. |
| 3 | ആമ്പല്ലൂർ | അധിക മുറി നിർമ്മാണം | പ്ലാൻ സ്കീം പ്രകാരം അധിക മുറി നിർമ്മിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കരാറിൽ ഉടൻ ഏർപ്പെടുവാൻ കഴിയുന്നതാണ്. |
| 4 | വെള്ളിക്കുളങ്ങര | അറ്റകുറ്റപ്പണി | വെള്ളിക്കുളങ്ങര വില്ലേജ് അറ്റകുറ്റപ്പണിക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 5 | ചെങ്ങാലൂർ | ചുറ്റമതിൽ നിർമ്മാണം | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അവ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 6 | നെല്ലായി | ചുറ്റമതിൽ നിർമ്മാണം | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അവ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |